**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2424** **21-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാസ്ഥാപനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എ . പ്രദീപ് കുമാർ ,<br>ശ്രീ . ജോൺ ഫെർണാണ്ടസ് ,<br>ശ്രീ. ആർ.രാജേഷ്,<br>ശ്രീ.ഡി.കെ.മുരളി | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാശോന്മുഖമായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ഈ സർക്കാർ നടത്തിയ പ്രവർത്തനവും കൈവരിക്കാനായ നേട്ടവും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉത്പ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതയുള്ള ഉത്പ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന, പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകുകയും ചെയ്തുവരുന്നു. ഓരോരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

പൊതുമേഖലയെ സംരക്ഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെയും, ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവയെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എം.എം.എൽ., ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് എന്നീ സ്ഥാപനങ്ങളിൽ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഇലക്ട്രിക് വാഹനങ്ങളുടേയും അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുവാൻ സാധിച്ചു. കേരളാ ആട്ടോമൊബൈൽസിൽ ഇലക്ട്രിക് മുച്ചക്ര വാഹനനിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചു. ആട്ടോകാസ്റ്റിൽ ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ കാസ്നബ്ബോഗി നിർമ്മിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് WHO അംഗീകാരവും, GMP സർട്ടിഫിക്കേഷനും NABLഅക്രഡിറ്റേഷനും ലഭിച്ചു. ആധുനിക മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ഡി.പി.യിൽ നടപ്പിലാക്കിവരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഹാൻഡ് സാനിറ്റൈസർ, അണുനശീകരണ / ശുചീകരണ വസ്തുക്കൾ തുടങ്ങിയവയുടെ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധപദ്ധതികളുടെ ഭാഗമായി ജനത എന്ന ബ്രാൻഡിൽ ഫേസ്മാസ്കുകൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നു. ഏകദേശം 1 ലക്ഷം മാസ്കുകൾ വിറ്റു കഴിഞ്ഞു. Anti microbial Finished മാസ്കുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. വി.എസ്.എസ്.സി / ഐ.എസ്.ആർ.ഒ എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും, പ്രതിരോധമേഖലയ്ക്കും ആവശ്യമായ വളരെ

| | | | |
|---|---|---|---|
| | | | കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടേയും അനുബന്ധജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ നടപ്പിലാക്കി. സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ് അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായി പ്രവർത്തനമാന്ദ്യം നേരിട്ടിരുന്ന കെ.എസ്.ഡി.പി.യിൽ നടത്തിയ പുനരുദ്ധാരണപ്രവർത്തനങ്ങളും അതിന്റെ ഫലവും അറിയിക്കാമോ; | (ബി) | കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൻെറ ലാഭകരമായ പ്രവർത്തനത്തിനുവേണ്ടി സർക്കാർ സഹായത്തോടെ വിവിധ ആധുനികവത്കരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 10 കോടി രൂപ മുതൽ മുടക്കി പുതിയ ബീറ്റാലാക്ടം ഇഞ്ചക്ഷൻ പ്ളാൻറ് സ്ഥാപിച്ച് വ്യാവസായിക ഉത്പാദനം ആരംഭിച്ചു. ആൻറി ബയോട്ടിക് ഇഞ്ചക്ഷൻ മരുന്നുകൾ ഉത്പാദിപ്പിക്കുന്ന ഈ പ്ലാൻറിൽ നിലവിൽ 22 ഇനം മരുന്നുകൾക്ക് ലൈസൻസ് ലഭിച്ചിട്ടുണ്ട്. ആധുനിക ലബോറട്ടറിക്ക് എൻ.എ.ബി.എൽ. അംഗീകാരവും ലഭിച്ചു. കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു പുറമേ തമിഴ്നാട്, കർണാടക , തെലുങ്കാന എന്നീ സംസ്ഥാനങ്ങൾക്ക് മരുന്നുകൾ നൽകി വരുന്നു. 2018-19 ൽ WHO-GMP നടപടിക്രമങ്ങൾ അനുസരിച്ചുള്ള നോൺ -ബീറ്റലാക്ടം മരുന്നുകളുടെ നിർമ്മാണത്തിനുള്ള 37.94 കോടി രൂപയുടെ പ്ളാൻറ് കമ്മീഷൻ ചെയ്ത് വ്യാവസായിക ഉത്പാദനം ആരംഭിച്ചു സർക്കാർ ആശുപത്രികൾക്ക് വേണ്ടി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ആവശ്യമുള്ള 158 ഇനം മരുന്നുകൾക്ക് പുറമേ അവയവ മാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കുള്ള മരുന്നുകളുടെ ഉൽപാദനവും ഈ പ്ലാൻറിൽ നടത്തുവാനാകും. LVP / SVP , PFC ഒപ്താൽമിക് മരുന്നുകളുടെ നിർമ്മാണത്തിനായി 50കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത് . കാൻസർ രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്ന് നൽകുന്നതിനായി കെ.എസ്.ഡി.പി. യുടെ കിഴിൽ ഒരു ഓങ്കോളജി മരുന്ന് നിർമ്മാണ പ്ലാൻറ് സ്ഥാപിക്കാൻ 2020 -21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട് . ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സഞ്ചിത നഷ്ടം എഴുതിത്തള്ളുകയും സർക്കാർ വായ്പയും |

| | | | |
|---|---|---|---|
| | | | അതിന്മേലുള്ള പലിശയുമായിട്ടുള്ള 106 കോടി രൂപ മൂലധനമായി മാറ്റുകയും ചെതിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകളിലൂടെ സ്ഥാപനത്തിന് ലാഭകരമായ നടത്തിപ്പാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | കെൽട്രോണിന്റെ മുൻകാലപ്രതാപം വീണ്ടെടുക്കാനായിട്ടുണ്ടോ; സംസ്ഥാനത്ത് ആദ്യമായി കമ്പ്യൂട്ടർ ഹാർഡ് വെയർ നിർമ്മാണത്തിന് സാധ്യമായിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായങ്ങളുടെ വികസനത്തിന് ചുക്കാൻ പിടിക്കുന്ന കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും സബ്സിഡിയറി സ്ഥാപനങ്ങളായ കണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കുറ്റിപ്പുറത്ത് പ്രവർത്തിച്ചുവരുന്ന കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയും കൂടുതൽ മത്സരക്ഷമമാക്കുന്നതിനുള്ള വിവിധ ആധുനികവത്ക്കരണ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കെൽട്രോൺ, നിലവിൽ സംസ്ഥാനത്ത് വിവര സാങ്കേതികവിദ്യ വകുപ്പുൾപ്പെടെ എല്ലാ വകുപ്പുകൾക്കും ആവശ്യമായ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വിവിധ പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സർക്കാരിന്റ കാലത്ത് 2015-16 കാലയളവിൽ 378 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിരുന്നതിന്റെ സ്ഥാനത്ത് 2019-20 ലെ വാർഷിക കണക്കുകൾ പ്രകാരം 443 കോടി രൂപയായി ഉയർത്തുവാൻ സാധിച്ചു. മാത്രമല്ല 2016-17 മുതൽ കമ്പനി തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിച്ച് വരുന്നത്. 2017-18 മുതലുള്ള വർഷങ്ങളിൽ 27.01 കോടി രൂപയുടെ ആധുനികവത്ക്കരണ പദ്ധതികൾ സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ വിവിധ ഉൽപ്പാദന യൂണിറ്റുകളിൽ പൂർത്തിയായി വരുന്നു. പി.പി.പി മാതൃകയിൽ കൊക്കോണിക്സ് എന്ന ബ്രാൻഡ് നാമത്തിൽ ലാപ്ടോപ് കമ്പ്യൂട്ടറുകളുടെയും സെർവറുകളുടെയും നിർമ്മാണം സംസ്ഥാനത്ത് ആദ്യമായി കെൽട്രോണിന്റെ പങ്കാളിത്തത്തോടെ ആരംഭിച്ചു. |
| (ഡി) | പ്രവർത്തനരഹിതമെന്ന് പറയാവുന്ന അവസ്ഥയിലായിരുന്ന കെ.എ.എൽ-നെ ഇലക്ട്രിക് വാഹനനിർമ്മാണരംഗത്ത് സംസ്ഥാനത്തിന്റെ തനതു മുദ്രപതിപ്പിക്കാനാകുംവിധം വളർത്തിയെടുക്കാനായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | കേരള ആട്ടോമൊബെയിൽസ് ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രകൃതി സൗഹൃദ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങളുടെ വ്യാവസായിക ഉൽപ്പാദനം ആരംഭിച്ചു. 2019-ൽ നിരത്തിലിറക്കിയ ഇ-ആട്ടോയുടെ വാണിജ്യപരമായ ഉത്പാദനം ആരംഭിച്ചു കഴിഞ്ഞു. കോവിഡ് നിയന്ത്രണങ്ങൾ മൂലം പ്രധാന ഘടകങ്ങളുടെ ലഭ്യതയെ ബാധിച്ചതും, സ്റ്റാറ്റ്യൂട്ടറി ബാധ്യത  വർദ്ധിച്ചതിനാൽ സ്റ്റാറ്റ്യൂട്ടറി |

| | | | |
|---|---|---|---|
| | | | അതോറിറ്റികളുടെ നടപടികളും, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തയും, ആവശ്യത്തിനുള്ള ജീവനക്കാരുടെ ലഭ്യത കുറവും ഉത്പാദനത്തിനെ ബാധിച്ചിരുന്നു. എന്നിരുന്നാലും ഈ കാലഘട്ടത്തിൽ നേപ്പാളിലേയ്ക്ക് 25 ഇ-ആട്ടോകൾ കയറ്റി അയച്ചു. ഡീലർമാരുടെ സഹായത്തോടെ കേരളത്തിന്റെ നിരത്തുകളിലും ഈ ആട്ടോ സ്ഥാനം പിടിച്ച് വരുന്നു. സർക്കാർ മൂലധനത്തിന്റെ സഹായത്തോടെ കെ.എ.എൽ. ഇ-ആട്ടോയുടെ ഉത്പാദന രംഗത്ത് പുരോഗതി കൈവരിക്കാനുള്ള പാതയിലാണ്. |

സെക്ഷൻ ഓഫീസർ